- ആദായ നികുതി ഒടുക്കുന്നവർ.
- സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ.
- സ്വന്തമായി ആയിരം ചതുരശ്ര അടിയ്ക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ.
- നാല് ചക്ര വാഹനം സ്വന്തമായുള്ളവർ.

മേൽ പറഞ്ഞ വിഭാഗങ്ങൾ ഒഴിവായി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

- ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
- മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
- ഓട്ടിസം ബാധിച്ചവർ
- ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും.
- പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

ഡാറ്റാ വെരിഫിക്കേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ പട്ടികയുടെ കരട് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) നിലവിലുള്ള മുഴുവൻ കാർഡുടമകൾക്കും പുതിയ റേഷൻ കാർഡ് ലഭ്യമാക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തേണ്ടതുണ്ട്. ആയത് റേഷൻ കാർഡ് പുതുക്കൽ വഴി നടപ്പിലാക്കുന്നതാണ്.

രാഷ്ട്രീയ രാജ്യമാർഗ്ഗ് ജില്ലാ സംജ്യോക്ത പരിയോജന

15 (*405) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ 'രാഷ്ട്രീയ രാജ്യമാർഗ്ഗ് ജില്ലാ സംജ്യോക്ത പരിയോജന' (RRZSP) പദ്ധതിയിൽ കേരളത്തിന് അർഹമായ പരിഗണന നേടിയെടുക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ ജില്ലകൾക്ക് പ്രാതിനിധ്യം ലഭിക്കുമെന്നാണ് കരുതുന്നത് ; ഇതിനായുള്ള സ്ഥലം കണ്ടെത്തുന്ന കാര്യത്തിൽ പ്രയാസമുണ്ടാവില്ലെന്ന് കരുതുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) മറ്റേതെങ്കിലും റോഡ് വികസന പദ്ധതിയിൽ സംസ്ഥാനത്തിന് പരിഗണന ലഭിക്കാൻ സാദ്ധ്യതയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) 2015 മേയ് മാസത്തിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച ഒരു പദ്ധതിയാണ് 'രാഷ്ട്രീയരാജ്യമാർഗ്ഗ് ജില്ലാ സംജ്യോക്ത പരേ്യാജന' (RRZSP). ഈ കേന്ദ്ര പദ്ധതിയെ സംബന്ധിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) നിലവിൽ ദേശീയപാതാ വികസന പദ്ധതിയിൽ എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള വികസനം നടപ്പായി വരുന്നു. തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്ത് സ്ഥലമെടുപ്പ് സംബന്ധിച്ച പ്രശ്നങ്ങളാൽ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള 43 കിലോമീറ്ററിൽ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ വികസനത്തിനുള്ള പദ്ധതിയ്ക്ക് എൻ.എച്ച്.എ.ഐ. കരാർ നൽകിയിട്ടുണ്ട്. മുക്കോല മുതൽ കാരോട് വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചുവരികയാണ്. കൂടാതെ സാഗർ മാലാ എന്ന പേരിൽ തീരദേശ മേഖലകൾ കൂട്ടിയോജിപ്പിച്ചിട്ടുള്ള കേന്ദ്ര പദ്ധതിയിൽ പള്ളിപ്പുറം മുതൽ വൈപ്പിൻ വരെയുള്ള 20 കി.മീ. ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ (230 കോടി) പദ്ധതി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ മറ്റ് 5 ദേശീയപാതകളായ എൻ.എച്ച് 49, എൻ.എച്ച് 208, എൻ.എച്ച് 212, എൻ.എച്ച് 213, എൻ.എച്ച് 220 എന്നിവ ഘട്ടം ഘട്ടമായി കോറിഡോർ അപ്രോച്ച് മുഖാന്തരം തെരഞ്ഞെടുത്ത റീച്ചുകളിൽ പേവ്ഡ് ഷോർഡറോടു കൂടിയ 2 വരി പാതയായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇ.പി.സി. മോഡിൽ വികസിപ്പിക്കുവാൻ നടപടികൾ എടുത്തുവരുന്നു.

സംസ്ഥാനത്ത് ദേശീയപാതകളുമായി ബന്ധിപ്പിക്കപ്പെട്ടിട്ടില്ലായിരുന്ന ജില്ലാ കേന്ദ്രങ്ങളായ ഇടുക്കി, പത്തനംതിട്ട എന്നിവ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനായി പുതുതായി എൻ.എച്ച് 183 എ, എൻ.എച്ച് 185 എന്നീ രണ്ട് ദേശീയ പാതകൾ പ്രഖ്യാപിക്കുകയും ചെയ്തു. ഈ റോഡുകളുടെ വികസനം നടപ്പിലാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala.Legislative Assembly